# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 530

09.02.2016 ൽ മറുപടിയ്ക്ക്

## വായ്പക്കാരൻ മരണപ്പെട്ടാലുള്ള ആനുകൂല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ. അസീസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ തിരിച്ചടവ് ഒഴിവാക്കുന്ന പദ്ധതി നിലവിലുണ്ടോ ; വിശദാംശം നൽകുമോ ; | (എ) വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാവുന്നതാണ്. ഇതിലേയ്ക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും വിതരണം ചെയ്യുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സംഘം/ബാങ്ക് വായ്പക്കാരനിൽ നിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി |

ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്. മരണപ്പെട്ട തീയതിയിൽ 70 വയസ് അധികരിക്കാത്ത വായ്പക്കാരുടെ വായ്പകൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

(ബി) വായ്പക്കാരൻ ഗുരുതരമായ രോഗത്തിന് അടിമപ്പെട്ടാൽ വായ്പാ തിരിച്ചടവിൽ അനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ വ്യക്തമാക്കുമോ ?

(ബി) വായ്പയെടുത്തശേഷം വായ്പക്കാരന് മാരക രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ അർഹതയുള്ള ധനസഹായത്തിൽ നിന്നും (പരമാവധി 1,50,000 രൂപ) ലഭിച്ച ആനുകൂല്യം കഴിച്ച് ബാക്കി സംഖ്യയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ, അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.

സെക്ഷൻ ഓഫീസർ